## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 489 — 12.06.2012-ൽ മറുപടിക്ക്

**നിയമസഭാസാമാജികർക്ക് ഭവന വായ്പ തിരിച്ചടയ്ക്കുമ്പോൾ ലഭിക്കേണ്ട ഇൻസന്റീവ്**

| ചോദ്യം | | മറുപടി |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) ഭവന വായ്പ എടുത്തിട്ടുള്ള നിയമസഭാ സാമാജികർക്ക് ലോൺ, തുക തിരിച്ചടക്കുമ്പോൾ ലഭിക്കേണ്ട ഇൻസന്റീവ് ലഭ്യമായില്ല എന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) എങ്കിൽ തുക ലഭിക്കുന്നതിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സം നിലനിൽക്കുന്നുണ്ടോ;<br><br>സി) തടസ്സം നീക്കി തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | ബി) യും സി) യും | നിയമസഭാ സാമാജികർക്കുള്ള ഭവന പദ്ധതി പ്രകാരം നൽകുന്ന വായ്പയിന്മേൽ പലിശ സബ്സിഡി അനുവദിക്കുന്നതിനുള്ള നിബന്ധനകൾക്ക് 06.11.2010-ലെ സ.ഉ. (കൈ) നം. 684/10/സഹ. ഉത്തരവ് പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ടി നിബന്ധനകളിലെ വ്യവസ്ഥ (12) പ്രകാരം പലിശ സബ്സിഡിയായി അർഹതപ്പെട്ട തുക ട്രഷറിയിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബാങ്കിന് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ പ്രകാരം പലിശ സബ്സിഡിയായി ബാങ്കുകൾക്ക് ട്രഷറിയിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർക്ക് പിൻവലിക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതു കാരണം ടി ചട്ടങ്ങളിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ